**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 466** **23-07-2021 - ൽ മറുപടിയ്ക്ക്**

**ലിഫ്റ്റ് ഇറിഗേഷൻ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിൽ തിരുവനന്തപുരം ജില്ല ഒഴികെ മറ്റ് 13 ജില്ലകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 ന്റെ കാര്യാലയത്തിനു കീഴിൽ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിനു കീഴിൽ 3 ലിഫ്റ്റ്ഇറിഗേഷൻ സ്കീമുകളും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനു കീഴിൽ 2 ലിഫ്റ്റ്ഇറിഗേഷൻ സ്കീമുകളും പ്രവർത്തിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയർ പ്രോജക്ട് -1 ന്റെ കാര്യാലയത്തിനു കീഴിൽ മലമ്പുഴ പദ്ധതിയിൽ ഉൾപ്പെടുന്ന തസ്രാക്ക് ലിഫ്റ്റ്ഇറിഗേഷൻ പദ്ധതിയും, ചിറ്റൂർ ഡിവിഷനു കീഴിൽ ഉൾപ്പെടുന്ന മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമാണ് ഉള്ളത്. അവയുടെ പ്രവർത്തനം സംബന്ധിച്ച്വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കൃഷിക്കാരുമായി ചർച്ച ചെയ്തുകൊണ്ട് സമയാസമയങ്ങളിൽ ജലവിതരണം നടത്തുന്നുണ്ട്. |
| (ബി) | ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനങ്ങളുടെ നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ഫണ്ട് ലഭ്യത അനുസരിച്ച് അറ്റകുറ്റ പണികൾ നടത്തിയും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തികളും നവീകരണ പ്രവർത്തികളും നടത്തിയും എല്ലാ കനാലുകളിലൂടെയും വെള്ളം പാടശേഖരങ്ങളിൽ എത്തിക്കുന്നുണ്ട്. കൂടാതെ പ്രളയക്കെടുതി മുഖേനയുണ്ടായ കനാലുകളുടെയും പമ്പുഹൗസുകളുടെയും കേടുപാടുകൾ എസ്.ഡി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. തസ്രാക്ക് ലിഫ്റ്റ് ഇറിഗേഷൻ സ്കീം കെ.എസ്.ഇ.ബിയുടെ High Tension വിഭാഗത്തിലാണ്ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി സീസണൽ ആയതിനാൽ Low Tension സ്കീമിലേക്ക് |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനായി കരാർ ഉടമ്പടി വെച്ചിട്ടുണ്ട്. ആയത് ഉടൻ പൂർത്തീകരിക്കുന്നതാണ്. |
| (സി) | ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പൂർണമായും ഒടുക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2021-2022 വർഷം 7 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക മാർച്ച് മാസം 2021-വരെ ഒടുക്കിയിട്ടുള്ളതും തുടർമാസങ്ങളിലേക്കുള്ള വൈദ്യുത ചാർജജിനുള്ള ഫണ്ടിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതുമാണ്. ഇടുക്കി ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ്നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇവയുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഒടുക്കുന്നതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 ന്റെ കാര്യാലയത്തിനു കീഴിൽ ലിഫ്റ്റ്ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ബിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട് -1 ന്റെ കാര്യാലയത്തിനു കീഴിൽ തമ്പ്രാക്ക്, മീനാക്ഷിപുരം എന്നീ ലിഫ്റ്റ്ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജജിനത്തിന് ആവശ്യമായ തുകയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ